# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളംജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ് 40/2021 (80) വെള്ളിയാഴ്ച്ച** **തീയ്യതി 01.10.2021**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 02.10.2021 | 03.10.2021 | 04.10.2021 | 05.10.2021 | 06.10.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 15 | 14 | 15 | 10 | 4 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 77 | 77 | 77 | 77 | 77 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 14 | 12 | 8 | 14 | 18 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 230 | 200 | 180 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 7 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ **ശക്തമായ** മഴക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്താവൂ.** | | |
| നെല്ല് (വിരിപ്പ്) | കൊയ്ത്തു പരുവം | വിരിപ്പു കൃഷി കൊയ്ത്തു പരുവത്തിലാണ്. |
| നെല്ല് (മുണ്ടകൻ) | നിലം ഒരുക്കൽ | മുണ്ടകൻ കൃഷി ഇറക്കുന്ന കോൾ പാടങ്ങളിൽ നിലം ഒരുക്കി കുമ്മായം ഇട്ടുകൊടുക്കുകയും, ഞാറ്റടി തയ്യാറാക്കുകയും ചെയ്യാവുന്നതാണ്. ഞാറ്റടി തയ്യാറാക്കുന്നതിനു മുൻപ് വിത്ത് സ്യൂഡോമോണോസുമായി കൂട്ടികലർത്തുന്നത് രോഗബാധയകറ്റുന്നതിനു സഹായിക്കും. (ഒരു കിലോഗ്രാം വിത്തിന് പത്ത് ഗ്രാം സ്യൂഡോമോണാസ് എന്ന തോതിൽ കലർത്തുക). |
| | കുഴൽപ്പുഴു | മഴക്കാലത്ത് നെൽപ്പാടങ്ങളിൽ കുഴൽപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. വെള്ളം വാർത്തു കളഞ്ഞ് ഒരു ഏക്കറിന് 25 കി.ഗ്രാം അറക്കപ്പൊടിയിലോ ഉമിയിലോ ഒരു ലിറ്റർ മണ്ണെണ്ണ ചേർത്ത് പാടത്ത് വിതറുക. |
| കവുങ്ങ് | മഹാളി രോഗം | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. പൂർണ്ണമായും രോഗം ബാധിച്ച മരങ്ങൾ നശിപ്പിക്കുക.പ്രതിരോധ നടപടിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. അല്ലെങ്കിൽ രണ്ട് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് 45 ദിവസത്തെ ഇടവേളകളിൽ തളിച്ചു കൊടുക്കുക. |
| മഞ്ഞൾ | ഇലകരിച്ചിൽ രോഗം | മഞ്ഞളിൽ ഇലകരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി രണ്ട് മില്ലി ഹെക്സാകൊണാസോൾ (കോൺടാഫ്), ഒരു മില്ലി പ്രൊപ്പികൊണാസോൾ (റ്റിൽറ്റ്), രണ്ടര ഗ്രാം കോപ്പർഓക്സിക്ളോറൈഡ് (ബിൽടോക്സ്/ബ്ലൂകോപ്പർ), രണ്ട് ഗ്രാം സാഫ് എന്നിവയിൽ ഏതെങ്കിലും ഒരു മരുന്ന് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. രോഗത്തിന്റെ തീവ്രതയനുസരിച്ച് രണ്ടാഴ്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ്. |
| ഇഞ്ചി | തണ്ടുതുരപ്പൻ | ഇഞ്ചിയിൽ തണ്ടുതുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യുവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| | മൂടുചീയൽ | മഴപെയ്യുന്ന സാഹചര്യത്തിൽ ഇഞ്ചിയിൽ മൂടുചീയൽ രോഗം വ്യാപിക്കാതിരിക്കാൻ മൂന്ന് മീറ്റർ സ്ക്വയർ ബെഡിന് 15 ഗ്രാം ബ്ലീച്ചിങ്ങ് പൗഡറും 250 ഗ്രാം കുമ്മായവും കൂട്ടി കലർത്തി തടത്തിൽ ഇട്ടുകൊടുക്കാവുന്നതാണ്. |
| മൃഗസംരക്ഷണം | കാലിത്തീറ്റ വെയിലത്ത് ഉണക്കേണ്ടതാണ്. കാലിതീറ്റയിൽ പൂപ്പൽ പടരാതിരിക്കാൻ ശ്രദ്ധിക്കണം. ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്ക് എതിരെ ജാഗ്രത പുലർത്തണം. (caadeccs, kvasu,മണ്ണുത്തി) | |

(Information given by RRS Vyttila)